**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3465** **14-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഗവ.എഞ്ചിനീയറിംഗ് കോളേജിന് പുതിയ സ്ഥലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഗവ.എഞ്ചിനീയറിംഗ് കോളേജിന് പുതിയ സ്ഥലം വാങ്ങുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ; | (എ) | കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സ്ഥല പരിമിതി പരിഹരിക്കുന്നതിലേക്കായി ആധുനിക സൗകര്യങ്ങളോടു കൂടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി മറ്റൊരു സ്ഥലം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട് .<br><br>ഇതിനായി, കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ കുമുള്ളി മൊടക്കല്ലൂർ ദേശങ്ങളിലായി വിവിധ സർവ്വെ നമ്പറിൽ ഏകദേശം 41 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തി ഇൻസ്റ്റിറ്റ്യൂഷൻ ഡവലപ്പ്മെന്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, കുന്ദമംഗലം വില്ലേജിൽ റീ സർവ്വെ നമ്പർ 401/1 എ2 പട്ടികയിൽപ്പെട്ട ഭൂമി, ശ്രീ. സുധീർ, പ്രേമൻ മാസ്റ്റർ, ജാവേദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ചേലാനല്ലൂർ വില്ലേജിൽ 30 ഏക്കർ ഭൂമി എന്നിവ സർക്കാരിന്റെ പരിഗണനയിലുണ്ട്.<br><br>കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് ഈ മൂന്നുസ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത കോളേജിന് സ്ഥലം വാങ്ങുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ? | (ബി) | കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ സ്ഥല പരിമിതി പരിഹരിക്കുന്നതിലേക്കായി ആധുനിക സൗകര്യങ്ങളോടു കൂടി പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനായി മറ്റൊരു സ്ഥലം കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട് . |

| | | | |
|---|---|---|---|
| | | | ഇതിനായി, കൊയിലാണ്ടി താലൂക്കിൽ അത്തോളി വില്ലേജിൽ കുമുള്ളി മൊടക്കല്ലൂർ ദേശങ്ങളിലായി വിവിധ സർവ്വെ നമ്പറിൽ ഏകദേശം 41 ഏക്കർ ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തി ഇൻസ്റ്റിറ്റ്യൂഷൻ ഡവലപ്പ്മെന്റ് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.<br><br>കൂടാതെ, കുന്ദമംഗലം വില്ലേജിൽ റീ സർവ്വെ നമ്പർ 401/1 എ2 പട്ടികയിൽപ്പെട്ട ഭൂമി, ശ്രീ. സുധീർ, പ്രേമൻ മാസ്റ്റർ, ജാവേദ് എന്നിവരുടെ ഉടമസ്ഥതയിലുള്ള ചേലാനല്ലൂർ വില്ലേജിൽ 30 ഏക്കർ ഭൂമി എന്നിവ സർക്കാരിന്റെ പരിഗണനയിലുണ്ട്.<br><br>കോഴിക്കോട് സർക്കാർ എഞ്ചിനീയറിംഗ് കോളേജ് മാറ്റി സ്ഥാപിക്കുന്നതിന് ഈ മൂന്നുസ്ഥലങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ